**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 373** **29-10-2021 - ൽ മറുപടിയ്ക്ക്**

**അട്ടപ്പാടിയിലെ ആദിവാസി ഫാമിന്റെ ഭൂമി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എം.കെ . മുനീർ ,<br>ശ്രീ . എൻ . ഷംസുദ്ദീൻ,<br>ശ്രീ. നജീബ് കാന്തപുരം,<br>ശ്രീ . പി . ഉബൈദുള്ള | | Shri K. Radhakrishnan<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി ) | |
| (എ) | അട്ടപ്പാടിയിലെ ആദിവാസി ഫാമിന്റെ ഭൂമി മറ്റേതെങ്കിലും പദ്ധതിക്കായി കൈമാറാൻ തീരുമാനിച്ചിട്ടുണ്ടോ എന്ന് അറിയിക്കാമോ; | (എ) | അട്ടപ്പാടിയിലെ സഹകരണ ഫാമിംഗ് സൊസൈറ്റിയുടെ നിയന്ത്രണത്തിലുള്ള ഭൂമി മറ്റ പദ്ധതികൾക്കായി കൈമാറാൻ നിലവിൽ തീരുമാനങ്ങളില്ല. |
| (ബി) | പ്രസ്തുത ഫാമിലെ രണ്ടായിരത്തി എഴുന്നൂറ്റി മുപ്പത് ഏക്കർ ഭൂമി ടൂറിസം പദ്ധതിക്കായി സ്വകാര്യ വ്യക്തികൾക്കോ സ്ഥാപനങ്ങൾക്കോ നൽകുകയോ നൽകുന്നതിന് തീരുമാനിക്കുകയോ ചെയ്തിട്ടുണ്ടോ; വിശദവിവരം നൽകാമോ; | (ബി) | ഫാമിന്റെ നിയന്ത്രണത്തിലുള്ള 1,095 ഹെക്ടർ ഭൂമിയിൽ ഫാം ടൂറിസത്തിനായി ഉപയോഗിക്കാവുന്ന പ്രദേശം Right to Use വ്യവസ്ഥയിൽ ഫാം ടൂറിസത്തിനായി ഉപയോഗിക്കാൻ സംഘം ജനറൽ ബോഡി യോഗം തീരുമാനിച്ചിരുന്നുവെങ്കിലും പ്രസ്തുത തീരുമാനം പിന്നീട് റദ്ദ് ചെയ്തിട്ടുണ്ട്. |
| (സി) | പ്രസ്തുത പദ്ധതിക്കായി ധാരണാപത്രം ഒപ്പിട്ടത് സർക്കാർ നിർദ്ദേശ പ്രകാരമാണോ; വിശദവിവരം നൽകാമോ; | (സി) | സംഘം ജനറൽ ബോഡി യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് ഫാം ടൂറിസത്തിനായുള്ള ധാരണാ പത്രം ഒപ്പിട്ടിരുന്നത്. |
| (ഡി) | ഇക്കാര്യത്തിൽ അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ ഇതുസംബന്ധിച്ച് എന്ത് നടപടി സ്വീകരിച്ചുവെന്ന് അറിയിക്കാമോ? | (ഡി) | ഫാം ടൂറിസത്തിന് അനുമതി നൽകിയ സംഘം ഭരണസമിതി തീരുമാനം റദ്ദാക്കിയ സാഹചര്യത്തിൽ അന്വേഷണം നടത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ